# ഭാരതീയ ജനതാ പാർട്ടി

*(സെൻട്രൽ ഓഫീസ്)*
*11 അശോകാ റോഡ്, ന്യൂഡൽഹി-110001*
*ഫോൺ- 23005700 ഫാക്സ് 23005787*

*ജനുവരി 17,2013*

## <u>ബിജെപി മുൻ അദ്ധ്യക്ഷൻ ശ്രീ രാജ്നാഥ് സിംഗ് ഡീസൽ വിലവർദ്ധ നയ്ക്കെതിരേ നടത്തിയ പ്രസ്താവന</u>

ഡീസൽ വില നിയന്ത്രണം ഭാഗികമായി എടുത്തുമാറ്റിക്കൊണ്ടുള്ള യുപിഎ സർക്കാരിന്റെ തീരുമാനം സാധാരണക്കാരുടെ പ്രശ്നങ്ങളിൽ അവർക്ക് ഒരുതരത്തിലുള്ള അനുഭാവവുമില്ലെന്നതിന്റെ ഉദാഹരണമാണ്. എണ്ണക്കമ്പനികൾക്ക് ഡീസൽ ലിറ്ററിന് 9.60 രൂപ വരും മാസങ്ങളിൽ വർദ്ധിപ്പിക്കാനാണ് അനുമതി നൽകിയിരിക്കുന്നത്. ഇത് സാമ്പത്തിക മേഖലയിൽ വൻ വിലക്കയറ്റത്തിന്റെ ആഘാതമേൽപ്പിക്കും.
യുപിഎയ്ക്ക് വിലനിർണ്ണയക്കാര്യത്തിൽ നയമൊന്നുമില്ലെന്നാണ് വ്യക്തമാകുന്നത്. അതുകൊണ്ടാണ് അന്താരാഷ്ട്ര വിപണിയിൽ ഉണ്ടാകുന്ന ചെറിയ വിലവ്യത്യാസങ്ങൾ പോലും ഇവരെ അസ്വസ്ഥരാക്കുന്നത്.
എണ്ണവില നിശ്ചയിക്കുത്തുപോലുള്ള സമയത്ത് നമ്മുടെ രാജ്യത്തിനിന്നു വേണ്ടത് വിശാലവും ജനതാൽപര്യങ്ങൾ സംരക്ഷിക്കുന്നതും സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതും ഏറ്റവും കൂടുതൽ ഡീസൽ യന്ത്രങ്ങൾ ഉപയോഗിക്കുന്ന കർഷകരുടെ ക്ഷേമം ഉറപ്പാക്കുന്നതുമായ നയ നിലപാടുകളാണ്. ഇപ്പോൾ ഡീസലിന് നിർദ്ദേശിച്ചിരിക്കുന്ന 10 രൂപയുടെ വിലവർദ്ധന രാജ്യത്തെ കർഷകർക്കു മേലേൽപ്പിച്ച കനത്ത ആഘാതമാണ്.
സർക്കാർ അടിയന്തിരമായി എണ്ണവില നയം പുനഃപരിശോധിക്കുകയും ഭാഗികമായ നിയന്ത്രണം എന്ന തീരുമാനം പിൻവലിക്കുകയും വേണം.

**(ഒ.പി.കോഹ്‌ലി)**
ഹെഡ് ക്വാർട്ടേഴ്സ് ഇൻചാർജ്